താമസത്തിനുള്ളിൽ, എൻ.ആർ.എച്ച്.എം.-ൽനിന്ന് ഡോക്ടർമാരെ നിയമിക്കാനും ഗവൺമെന്റ് തീരുമാനമെടുക്കണം. എൻ.ആർ.എച്ച്.എം. വഴി നിയമിക്കപ്പെടുന്ന പല ഡോക്ടർമാരും കാഷ്വാലിറ്റിയിൽ വർക്ക് ചെയ്യാൻ തയ്യാറാകുന്നില്ല എന്നൊരു സ്ഥിതി നിലനിൽക്കുകയാണ്. സ്ഥിരം ഡോക്ടമാർ വരുന്നതുവരെ എൻ.ആർ.എച്ച്.എം. ഡോക്ടർമാരെകൊണ്ട് നിർബന്ധിതമായും കാഷ്വാലിറ്റിയിൽ ജോലി ചെയ്യിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, 116 കിടക്കകൾ അനുവദിച്ചിട്ടുള്ള മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലെ ശരാശരി ഐ.പി. നമ്പറും ഒ.പി. ആയിരത്തോളവുമാണ്. കൂടാതെ, ന്യൂ ബോൺ കെയർ യൂണിറ്റിലും പ്രസവവാർഡിലുള്ള പുതിയ കെട്ടിടം സജ്ജമാക്കിയതിലും ഉൾപ്പെടെ 40 കിടക്കകളുടെ സൗകര്യവുമുണ്ട്. ഈ ആശുപത്രിയിൽ നാല് മെഡിക്കൽ ഓഫീസർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. കേരളത്തിൽ ഇപ്പോൾ ഏകദേശം 35-ഓളം താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി പ്രവർത്തിക്കുന്നതിനായി തുക ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. 131-ഓളം ഡോക്ടർമാരെ കാഷ്വാലിറ്റിയിൽ നിയമിച്ചു കൊണ്ട് കാഷ്വാലിറ്റി സംവിധാനം ശക്തമാക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിന്റെ പ്രൊപ്പോസൽ ഉടനെ വരുന്നതാണ്. ഈ ഒരു സാഹചര്യംകൂടി കണക്കിലെടുത്തുകൊണ്ട് പ്രസ്തുത ആശുപത്രിയിലെ കാഷ്വാലിറ്റിയിൽ ഡോക്ടർമാരെ നിയമിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

VI മേശപ്പുറത്തുവച്ച കടലാസുകൾ

ചട്ടം 47(2) പ്രകാരം

1. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 3863, പത്താം സമ്മേളനത്തിലെ 4132, പന്ത്രണ്ടാം സമ്മേളനത്തിലെ 822, 826, 2664, 2671, 2672 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

LIBRARY ARCHIVES Kerala Legislative Assembly

2. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 5482, പന്ത്രണ്ടാം സമ്മേളനത്തിലെ 863, 913, 2725, 2771 പതിമൂന്നാം സമ്മേളനത്തിലെ 896, 2551 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, താഴെപ്പറയുന്ന കടലാസുകൾ തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ 2815-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിലെ 1017, പത്താം സമ്മേളനത്തിലെ 994, പതിനൊന്നാം സമ്മേളനത്തിലെ 4271 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

VII റിപ്പോർട്ട് സമർപ്പണം

1. വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ആനുകാലിക റിപ്പോർട്ടും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടും സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ 2015 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2014-15-ലെ ധനാഭ്യർത്ഥനകളുടെ

LIBRARY ARCHIVES Kerala Legislative Assembly